(ബി) ഇതു സംബന്ധിച്ച് നിയമ പരിഷ്ക്കാരകമ്മീഷൻ തയ്യാറാക്കിയ ഹർത്താലുകളും ബന്ദുകളും നിരോധിക്കുന്ന ബില്ലിൽ എന്തൊക്കെ വ്യവസ്ഥകളാണ് ഉള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇത്തരത്തിൽ .ഒരു പ്രത്യേക ഫണ്ട് രൂപീകരിക്കണമെന്ന നിർദ്ദേശം പ്രാവർത്തികമാക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ ചെയർമാനായിരുന്ന നിയമ പരിഷ്ക്കരണ കമ്മീഷന്റെ റിപ്പോർട്ട് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാർ ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. കമ്മീഷൻ റിപ്പോർട്ട് ഇപ്പോൾ മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയിലാണ്.

ഹർത്താലുകളിൽ നാശനഷ്ടമുണ്ടായതിന് നഷ്ടപരിഹാരം നൽകണമെന്നാവശ്യപ്പെട്ട് നിവേദനം

18 (5925) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ ജൂൺ, ജൂലൈ മാസങ്ങളിൽ സംസ്ഥാനത്തുനടന്ന ഹർത്താലുകളിൽ നാശനഷ്ടമുണ്ടായതിന് നഷ്ടപരിഹാരം നൽകണമെന്നാവശ്യപ്പെട്ട് ആരെങ്കിലും സർക്കാരിന് നിവേദനം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത അപേക്ഷകളിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഇതുവരെ ഇത്തരത്തിൽ എത്ര അപേക്ഷകളാണ് സർക്കാരിന് ലഭിച്ചിട്ടുള്ളത് ;

(ഇ) ഇവയിൽ ഇതുവരെ എത്ര പേർക്ക് നഷ്ടപരിഹാരം നൽകാൻ ഉത്തരവായിട്ടുണ്ട് ; ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(എഫ്) ഇതിനായി ഒരു പ്രത്യേക ഫണ്ട് രൂപീകരിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ?

ഉത്തരം

(എ-സി) ഇക്കഴിഞ്ഞ ജൂൺ, ജൂലൈ മാസങ്ങളിൽ സംസ്ഥാനത്ത് നടന്ന ഹർത്താലുകളിൽ നാശനഷ്ടമുണ്ടായതിന് നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനങ്ങളൊന്നും ആഭ്യന്തര വകുപ്പിന് ലഭിച്ചിട്ടില്ല.

(ഡി & ഇ) ഇത്തരം അപേക്ഷകൾ സർക്കാരിന്റെ പരിഗണനയ്ക്ക് വന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ഇപ്പോൾ പരിഗണനയിലില്ല.

കസ്റ്റഡി മരണങ്ങൾ

19 (5926) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട പോലീസ് സ്റ്റേഷനിൽ 2006-ന് ശേഷം കസ്റ്റഡി മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, എത്രയെന്നും ഇതിൽ മരണമടഞ്ഞവർ ആരെല്ലാമെന്നും അറിയിക്കുമോ ;

(സി) കസ്റ്റഡി മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ എടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം ;

(ഡി) ടി കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒരു കേസ് (ക്രൈം നമ്പർ 7/10) രജിസ്റ്റർ ചെയ്തിട്ടുണ്ട്. ബാബു (58), S/o മാർക്കോസ് പാലേലി, കാട്ടാക്കട എന്നയാളാണ് മരണമടഞ്ഞത്.

(സി) കാട്ടാക്കട പോലീസ് സ്റ്റേഷനിൽ പ്രവർത്തിയെടുത്തുവന്നിരുന്ന 2 പോലീസ് ഉദ്യോഗസ്ഥരെ (ഹെന്റേഴ്സൺ ഗ്രേഡ് എച്ച്.സി. 3625, മുഹമ്മദ് അലി ഗ്രേഡ് എച്ച്. സി. 9543) അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തിട്ടുണ്ട്. കൂടാതെ 1958-ലെ കെ.പി.ഡി.ഐ.പി. ആന്റ് എ. റൂൾസ് പ്രകാരം ശ്രീ. ഒ. എ. സുനിൽ, സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, ശ്രീ. ഐ. ഡബ്ല്യു ഹെന്റേഴ്സൺ, ഗ്രേഡ് എച്ച്സി.റ്റി. 3625, ശ്രീ. എം. മുഹമ്മദ് അലി, ഗ്രേഡ് എച്ച്.സി.റ്റി. 9543 എന്നിവർക്കെതിരെ ഒരു ജോയിന്റ് ഓറൽ എൻക്വയറി നടത്താൻ ഉത്തരവിടുകയും ക്രൈം ഡിറ്റാച്ച്മെന്റ് അസിസ്റ്റന്റ് പോലീസ് കമ്മീഷണറെ പ്രസ്തുത എൻക്വയറി നടത്താൻ അധികാരപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) നഷ്ടപരിഹാരം നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

13-ാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരമുള്ള പദ്ധതികൾ

20 (5927) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 13-ാം ധനകാര്യ കമ്മീഷന്റെ ശുപാർശ അനുസരിച്ച് സംസ്ഥാന ആഭ്യന്തര വകുപ്പിന്റെ ഏതെങ്കിലും പദ്ധതികൾക്ക് സ്പെഷ്യൽ ഗ്രാന്റ് അനുവദിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly